
# കാലത്തിനു മുൻപേ നടന്നുനീങ്ങിയ കർമ്മയോഗി



30 രൂപയുടെ പുസ്തകം 10 രൂപയ്ക്ക്
ഒന്നരലക്ഷം രൂപയുടെ സമ്മാനപ്പൂമഴ

ഫാ. സെഡ്. എം. മൂഴൂർ

# ടെലിഫിലിമിനും 13 പുസ്തകങ്ങൾക്കുംകൂടി 750 രൂപാ മാത്രം.

*വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ ദ്വിതീയ ജന്മശതാബ്ദി പ്രമാണിച്ച്.....*

ഫാ. സെഡ് എം മൂഴൂർ രചിച്ച അരൂപിയുടെ മേലൊപ്പുള്ള മനുഷ്യൻ എന്ന സമ്പൂർണ്ണ ജീവചരിത്രവും, അരഡസൺ ദൈവദാസന്മാരുടേതുൾപ്പെടെ ചാവറയച്ചന്റെ ജീവിതം ആഖ്യാനം ചെയ്യുന്ന ഒന്നരമണിക്കൂർ ദൈർഘ്യമുള്ള വീഡിയോ കാസറ്റും (അഥവാ സി.ഡി.) കൂടാതെ, ജീവിതവിജയവീഥിയിൽ വിളക്കുകളായ പന്ത്രണ്ട് ഗ്രന്ഥങ്ങളും.

1) നർമ്മത്തിന്റെ മിനുസം. 2) സ്നേഹത്തിനു സീമകളില്ല. 3) മനസ്സിൽ കത്തിച്ച തിരി. 4) പ്രകാശധാര 5) മതം ജീവിതമാധുര്യം. 6) നമുക്കു സ്വർഗം പണിയാം. 7) ആത്മാവിൽ സമാധാനം. 8) പ്രത്യാശയുടെ സങ്കീർത്തനം. 9) പുഞ്ചിരിയുടെ പ്രകാശം. 10) എല്ലാവർക്കും വിജയം. 11) ജീവിത വിജയരഹസ്യം. 12) സ്വർണ്ണത്തിനു സുഗന്ധം

**ടെലിഫിലിമിനും പതിമൂന്ന് പുസ്തകങ്ങൾക്കുംകൂടി 750 രൂപാ . പണം അയച്ച് ആവശ്യപ്പെടുക,**

**Fr.Z.M. Moozhoor, Director, Aramam Cultural Center, Pala- 686575. Kerala. Phone: 04822-201840 (O), 212493 (R)**

# കാലത്തിനു മുമ്പേ നടന്നു നീങ്ങിയ കർമ്മയോഗി

## (കുട്ടികളുടെ ചാവറയച്ചൻ)

ഫാ. സെഡ്. എം. മൂഴൂർ




ക്രമനമ്പർ 193509

**KALATHINU MUNPE NADANNU NEENGIA KARMAYOGI**

(Blessed Chavara's Biography for Children)

| | |
|---|---|
| Author | Fr. Z.M. Moozhoor CMI |
| Published by | Aramam Publication Pala-686 575. Kerala. India |
| Published | June, 2003 |
| Layout & Design | Geo Olickal |
| Printed at | St. Thomas Press Pala. 04822-212321 |
| Cover Design | Jaison Mungamackal |
| Copyright | Fr. Z.M. Moozhoor |
| Price | Rs. 30/- |
| Subsidized Price | Rs. 10/- |

# ആശംസകൾ



വാഴ്ത്തപ്പെട്ട ചാവറയച്ചൻ ഭാരതീയരുടെ മുഴുവൻ ആദരവിനു പാത്രമാണ്. മലയിൽ ഉയർത്തപ്പെട്ട സൗധംപോലെ അദ്ദേഹം ഉയർത്തിയ സന്യാസാദർശം പഞ്ചഭൂഖണ്ഡങ്ങളിലും ക്രിസ്തുവിന്റെ സ്നേഹം പകരുന്ന പുളിമാവായിത്തീർന്നിരിക്കുന്നു. അനേകം പുരുഷായുസ്സുകൾകൾക്കു നേടാവുന്ന സുകൃതം ചുരുങ്ങിയകാലം കൊണ്ടു അദ്ദേഹം സമ്പാദിച്ചു. അതിന്റെ ശോഭയും പരിമളവും നമുക്കു വിട്ടുതന്നിരിക്കുന്നു. ലോകാവസാനംവരെ അതു നിലനില്ക്കുകയും ചെയ്യും. കുട്ടികളെ ഉദ്ദേശിച്ച് സെഡ്. എം. മൂഴൂരച്ചൻ തയ്യാറാക്കിയ ഈ ഗ്രന്ഥം കേരള ജനതയ്ക്കു നല്കുന്ന ഉപഹാരമാണ്. എല്ലാവിജയങ്ങളും ആശംസിക്കുന്നു.

എറണാകുളം
01–06–2003

വർക്കി കാർഡിനൽ വിതയത്തിൽ
(മേജർ ആർച്ചുബിഷപ്പ് എറണാകുളം–അങ്കമാലി)



സ്വന്തം സമുദായത്തിനും സഭയ്ക്കും മാത്രമല്ല, എല്ലാവർക്കുംവേണ്ടി എല്ലാമായി ജീവിച്ച മഹത്മാവായിരുന്നു വാഴ്ത്തപ്പെട്ട ചാവറയച്ചൻ. വിദ്യാഭ്യാസരംഗത്ത് ദൂരവ്യാപകമായ മാറ്റങ്ങൾക്ക് അദ്ദേഹം വിത്തുപാകി. മരപ്രസ് നിർമ്മിച്ച് മാധ്യമരംഗത്ത് മാർഗദീപം നൽകി. സംസ്കൃത ഭാഷയിലൂടെ സംസ്കൃതിയുടെ സ്രോതസുകൾ കണ്ടെത്തി. സന്യാസിനീ സഭാസ്ഥാപനത്തിലൂടെ വനിതാസ്വാതന്ത്ര്യത്തിനു കാഹളമൂതി. ആര്യഭൂമിയിൽ ആദ്യമായി അനാഥമന്ദിരം സ്ഥാപിച്ചു. കാവ്യകൃതികളിലൂടെ കൈരളിയ്ക്ക് കനകഹാരങ്ങൾ സമ്മാനിച്ചു. നൂറ്റാണ്ടുകൾകൊണ്ട് ചെയ്യേണ്ട കാര്യങ്ങൾ ആറരപതിറ്റാണ്ടുകൊണ്ടു നിർവഹിച്ച് കാലത്തിനു മുമ്പേ നടന്നുനീങ്ങിയ കർമ്മയോഗിയെ കുട്ടികൾക്കായി അവതരിപ്പിച്ച മൂഴൂരച്ചന് ഹൃദയംഗമമായ ആശംസകൾ.

എറണാകുളം
05–06–2003

ഫാ. ആന്റണി കരിയിൽ സി.എം.ഐ.
(പ്രിയോർ ജനറൽ)



മറ്റെന്തിലുപരി നേതൃദാരിദ്ര്യമാണ് ഈ കാലഘട്ടത്തിന്റെ കാതലായ പ്രശ്നം വഴിവിളക്കാകേണ്ടവർ വഴിമുടക്കുന്നു. അഥവാ ഇരുട്ടിലേക്കു നമ്മേ നയിക്കുന്നു. വഴിയും സത്യവും ജീവനുമായ യേശുവിന്റെ ആദർശമൂശയിൽ രൂപപ്പെട്ട് തൈജസരത്നമായി മാറിയ വാഴ്ത്ത. ചാവറയച്ചൻ എന്നും എവർക്കും അനുകരണീയ മാതൃകയും മാർഗദീപവുമാണ്. ദിഗ്കാലാതിവർത്തിയായ ആ ചൈതന്യസ്രോതസിനെ ഇളംമനസ്സുകൾക്ക് റോൾമോഡലായി ഈ കൃതിയിൽ അവതരിപ്പിച്ച സെഡ്. എം. മൂഴൂരച്ചനും ആരാമം സെന്ററിനും ഭാവുകങ്ങൾ നേരുന്നു.

ആലുവാ,
10–06–2003

സി. ഫിദേലിസ് സി.എം.സി.
(മദർ ജനറൽ)

# വിഷയവിവരം


1. ഒരു സ്വപ്നം പൂവണിയുന്നു
2. വിദ്യാഭ്യാസപ്രവർത്തകൻ
3. മാധ്യമരംഗം
4. അഗതിസംരക്ഷണം
5. സെമിനാരി
6. സന്യാസിനീസഭ
7. ചാവറയച്ചൻ കവിയും സാഹിത്യകാരനും
8. ബഹുമുഖ പ്രതിഭ

## അദ്ധ്യായം ഒന്ന്

# ഒരു സ്വപ്നം പൂവണിയുന്നു

കരയോടു കിന്നാരം പറയാൻ കുഞ്ഞോളങ്ങളെ പറഞ്ഞുവിട്ട ഒരു അമ്മയേപ്പോലെ ഗലീലിയാക്കടൽ കിടന്നു. വഴിയോരത്ത് തണൽവിരിച്ച ഒലിവുമരത്തിന്റെ കീഴിൽ യേശു ഇരുന്നു. പൂങ്കുല കളും തേൻകനികളുമായി കൊച്ചുകുട്ടികളും അവരുടെ അമ്മമാരും ചാരെ വന്നു.

കുഞ്ഞുങ്ങളെ യേശു മടിയിലിരുത്തിലാളിച്ച് അനുഗ്രഹിച്ചു. അതുകണ്ട അമ്മമാരുടെ ആഹ്ലാദം വഴിഞ്ഞൊഴുകി. അരികെ തല കുനിച്ചു നിന്ന മുന്തിരിവള്ളികൾ ആഹ്ലാദനൃത്തമാടി. കുട്ടികളുടെ ആർപ്പുവിളികളിൽ കിളികളുടെ കളാരവം അലിഞ്ഞുചേർന്നു.

ചുറ്റും മതിലുപോലെ ജനനിര. കുട്ടികളാരും വരുന്നില്ല. പൊടുന്നനെ ഒരു ബാലൻ ഓടിക്കിതച്ച് യേശുവിന്റെ മടിയിൽ വീണു. തളർന്ന താമരത്തണ്ടുപോലെ ക്ഷീണിതമായിരുന്നു, ആകുഞ്ഞുമുഖം. അവനെ പിടിച്ചുയർത്തികൊണ്ട് യേശു ചുറ്റും നിന്നവരോടു ചോദിച്ചു:



"ആരാണ് എന്റെ കുട്ടികളെ തടയുന്നത്?"

"യേശുവേ, അങ്ങയുടെ ശിഷ്യന്മാരാണ്." ഒരമ്മയുടെ നേർത്തസ്വരം.

തന്റെ പിടിവെട്ടിച്ചു കുതറിയോടിയ കുട്ടിയെ ശിക്ഷിക്കാൻ വടിയുമായി ഒരാൾ— ഒരു ശിഷ്യൻ!



യേശു അയാളെ നോക്കി. ആ നോട്ടത്തിന്റെ താപമേറ്റ് അയാൾ ഉരുകുകയായിരുന്നു. കയ്യിലിരുന്ന വടി ഊർന്നുതാഴെ വീണു. യേശുവിന്റെ അധരങ്ങളിൽ നിന്ന് മൊഴികൾ അടർന്നു:

"നിങ്ങൾ ഈ കുഞ്ഞുങ്ങളെ തടയരുത്. അവർ എന്റെ പക്കൽ വരട്ടെ.ഇവരേപ്പോലെ നിഷ്കളങ്ക മനസ്സുള്ളവർക്കാണ്, സ്വർഗരാജ്യം."

യേശുവിന്റെ മാതൃക അനുപദം ജീവിതത്തിൽ പകർത്തിയ ഒരു മഹാത്മാവ് മലയാള മണ്ണിൽ ജീവിച്ചിരുന്നു. പൂക്കളേയും പൂവുപോലെ മനസ്സുള്ള കുഞ്ഞുങ്ങളേയും തോഴരാക്കിയ അദ്ദേഹമാണ് വാഴ്ത്തപ്പെട്ട ചാവറ കുറിയാക്കോസ് ഏലിയാസച്ചൻ. ജീവിച്ചിരിക്കെ നന്മയുടെ പ്രകാശം എങ്ങും ചൊരിഞ്ഞ ചാവറയച്ചൻ, മൺമറഞ്ഞിട്ടും മൺചിരാതിലെ വെളിച്ചംപോലെ തന്റെ കീർത്തിധാവള്യം വിശ്വം മുഴുവൻ പരത്തുന്നു. അദ്ദേഹത്തിന്റെ ജന്മസ്ഥലവും ഭൗതികാവശിഷ്ടങ്ങളും ദർശിക്കുവാനും ആ പുണ്യചരിതന്റെ മാധ്യസ്ഥ്യം തേടുവാനും തീർത്ഥാടകർ ഇൻഡ്യയുടെ വിവിധ സ്ഥലങ്ങളിൽനിന്നും പഞ്ചഭൂഖണ്ഡങ്ങളിൽ നിന്നും ഇവിടെ എത്തുന്നു.



അഗ്നിക്കായി വെട്ടപ്പെടും
വൃക്ഷശാഖികൾത്തന്നെ
ഭഗ്നകന്മാർക്ക് തണൽ
കൊടുക്കും പത്രങ്ങളാൽ
(ആത്മാനുതാപം)

ഒരു ക്രൈസ്തവപുരോഹിതൻ, സമുദായനേതാവ്, സുറിയാനിസഭയുടെ ഏക വികാരി ജനറാൾ, മലയാളഭാഷയ്ക്ക് അമൂല്യ സംഭാവനകൾ ചെയ്ത കവി, ഗ്രന്ഥകാരൻ, മാധ്യമപ്രവർത്തനസംരംഭകൻ, വിദ്യാഭ്യാസവിചക്ഷണൻ, സ്വദേശീയ സന്യാസസഭകളുടെ സ്ഥാപകൻ, ബഹുഭാഷാ പണ്ഡിതൻ, ഇങ്ങനെ വിവിധ മണ്ഡലങ്ങളിൽ ഇദ്ദേഹം തന്റെ വ്യക്തിത്വം പ്രകാശിപ്പിച്ചിട്ടുണ്ട്. എന്നിരുന്നാലും, അവയ്ക്കെല്ലാമുപരി ഒരു ദൈവിക മനുഷ്യനായിരുന്നു എന്നതാണ് വാഴ്ത്തപ്പെട്ട ചാവറയച്ചനെ മഹാനാക്കുന്ന മുഖ്യഘടകം.

കേരളത്തിലെ തുറമുഖ പട്ടണമായ ആലപ്പുഴയ്ക്ക് അഞ്ചുമൈൽ മാറി കൈനകരി എന്ന കായലോര ഗ്രാമത്തിലാണ് വാഴ്ത്തപ്പെട്ട ചാവറയച്ചൻ ഭൂജാതനായത്. ചാവറ വീട്ടിൽ 1805 ഫെബ്രുവരി പത്തിന് കുറിയാക്കോസ് മറിയം ദമ്പതിമാരുടെ രണ്ടാമത്തെ പുത്രനായി കൊച്ചു കുറിയാക്കോസ് ജനിച്ചു.

മുലപ്പാലിനോടൊപ്പം അമ്മയിൽനിന്ന് പ്രാർത്ഥനയുടെ ബാലപാഠങ്ങളും പഠിച്ചുവളർന്ന കൊച്ചു കുറിയാക്കോസ് നാട്ടുകാർക്കും വീട്ടുകാർക്കും കണ്ണിലുണ്ണി ആയിരുന്നു. അവന് പത്തുവയസായിരിക്കേ, പള്ളിപ്പുറം വൈദിക സെമിനാരിയുടെ റെക്ടർ ആയിരുന്ന ഫാ. തോമസ് പാലയ്ക്കൽ യാദൃശ്ചികമായി ചാവറ വീട്ടിൽ വരാനിടയായി. കൊച്ചു കുറിയാക്കോസിന്റെ വിനയവും ഭക്തി തീക്ഷ്ണതയും പാലയ്ക്കൽ മല്പാനെ ആകർഷിച്ചു. അവനെ സെമിനാരിയിൽ വൈദികപഠനത്തിന് അയച്ചാൽ കൊള്ളാമെന്ന് അവന്റെ മാതാപിതാക്കളോടു അദ്ദേഹം പറഞ്ഞു.

> കട്ടവസ്തു കത്തിപ്പോകും.

മകൻ പുരോഹിതനാകുന്നതിൽ മാതാപിതാക്കൾക്ക് വിസമ്മതം ഉണ്ടായിരുന്നില്ലെങ്കിലും കണ്ടുകൊതിതീരാത്ത ഓമനയെ വേർപിരിയുന്നതിൽ അവർക്ക് വിഷമം ഉണ്ടായിരുന്നു. ഇടവകപ്പള്ളിയായ ചേന്നൻകരിയിലെ പള്ളിമേടയിൽ വികാരിയോടൊത്ത് ഒരു വർഷം വൈദികാന്തസിനുള്ള പ്രാരംഭപഠനം കൊച്ചു കുറിയാക്കോസ് നടത്തട്ടെ എന്ന നിർദ്ദേശം മാതാപിതാക്കൾക്ക് സമ്മതമായി.

ചേന്നൻകരിയിലെ പ്രാഥമിക പഠനത്തിനുശേഷം പള്ളിപ്പുറം സെമിനാരിയിൽ പാലയ്ക്കൽ തോമ്മാമല്പാന്റെ കീഴിൽ കുറിയാക്കോസ് പഠനം തുടർന്നു. വിനയം, ആരെയും സഹായിക്കാനുള്ള സന്നദ്ധത, ഗുരുഭക്തി, കഠിനാദ്ധ്വാനം, ദൈവഭക്തി എന്നിവയാൽ പ്രശോഭിതനായ ഇദ്ദേഹം ഗുരുക്കന്മാർക്കും സതീർത്ഥ്യർക്കും ഒരുപോലെ പ്രിയങ്കരനായിരുന്നു. സെമിനാരി ജീവിതകാലത്ത് സംസ്കൃ



തം, തമിഴ്, ലത്തീൻ, സുറിയാനി എന്നീ ഭാഷകളിൽ പ്രാവീണ്യം നേടി. വിദ്യാർത്ഥി ആയിരിക്കേത്തന്നെ സമർത്ഥനായ ഇദ്ദേഹത്തിന് അസിസ്റ്റന്റ് റെക്ടർ സ്ഥാനം പാലയ്ക്കൽ മല്പാൻ നൽകി.

പള്ളിപ്പുറം പള്ളിയിലെ പഠനകാലത്ത് കുറിയാക്കോസ് ശെമ്മാശന്റെ മാതാപിതാക്കൾ സാംക്രമികരോഗംമൂലം മൃതിയടഞ്ഞു. അവരുടെ വിരഹത്തിലുള്ള വേദന ശമിക്കുന്നതിനു മുമ്പുതന്നെ അദ്ദേഹത്തിന്റെ ഏകസഹോദരനും പരലോകപ്രാപ്തനായി. താങ്ങാനാവാത്ത ദുഃഖംകൊണ്ട് കുറിയാക്കോസ് ശെമ്മാശൻ തളർന്നു പോയ സന്ദർഭമായിരുന്നു, അത്.

കുടുംബം അന്യംനിന്നു പോകാതിരിക്കേണ്ടതിന് കുറിയാക്കോസ് ശെമ്മാശൻ സെമിനാരിപഠനം ഉപേക്ഷിച്ച് വീട്ടിലേയ്ക്കു മടങ്ങണമെന്നും വിവാഹം കഴിച്ച് കുടുംബ ജീവിതം പുലർത്തണമെന്നും ബന്ധുക്കൾ അദ്ദേഹത്തെ നിർബന്ധിച്ചു. സംഘർഷപൂരിതമായ ആ നാളുകൾ അദ്ദേഹം പിന്നിട്ടത് ദൈവപരിപാലനയിൽ പ്രത്യാശ പുലർത്തിക്കൊണ്ടാണ്. അവസാനം അദ്ദേഹം ദൃഢശപഥം ചെയ്തു- ദൈവശുശ്രൂഷയ്ക്കായുള്ള രംഗത്ത് മരണംവരെ നിലനില്ക്കുമെന്ന്. സെമിനാരി പഠനം പൂർത്തിയാക്കി 1829 നവംബർ മാസത്തിൽ മൗറേലിയൂസ് സ്തബലീനി മെത്രാനിൽനിന്ന് അർത്തുങ്കൽ വിശുദ്ധ അന്ത്ര



മാന്നാനം ആശ്രമദേവാലയം

യോസിന്റെ ദേവാലയത്തിൽ വച്ച് ചാവറ കുറിയാക്കോസ് ശെമ്മാശൻ പുരോഹിതപട്ടം സ്വീകരിച്ചു.

ഇരുപതുനൂറ്റാണ്ടു പഴക്കമുള്ള ക്രൈസ്തവ സമൂഹമാണ് കേരളത്തിലെ സുറിയാനി കത്തോലിക്കാ സഭ. കത്തോലിക്കാ വിഭാഗത്തിന്റെ നേതൃത്വത്തിൽ അനേകം സന്യാസസമൂഹങ്ങൾ യൂറോപ്പിൽ ഉടലെടുത്തിട്ടുണ്ടെങ്കിലും ഭാരതത്തിൽ അത്തരം ഒന്ന് ആരംഭിച്ചിരുന്നില്ല. അന്നത്തെ വരാപ്പുഴ മെത്രാൻ മൗറേലിയൂസ് സ്തബലീനിയുടെ അനുവാദത്തോടെ സന്യാസഭയ്ക്ക് അടിസ്ഥാനമിട്ടത്, മുൻജന്മസുകൃതം പോലെ ആ മൂന്നുപേരുടെ സംഗമമായിരുന്നു. പാലയ്ക്കൽ തോമ്മാമല്പാൻ, ചാവറ കുറിയാക്കോസ് ഏലിയാസച്ചൻ പോരൂക്കര തോമ്മാമല്പാൻ എന്നിവരാണ് ആ മൂന്നുപേർ. പോരുക്കര അച്ചന്റെ ആത്മസുഹൃത്തായ കണിയാന്തറ യാക്കോബ് എന്ന ചെറുപ്പക്കാരനും ഇതേ ലക്ഷ്യത്തോടുകൂടി അവരോടൊപ്പം ചേർന്നു.

സന്യാസസഭയുടെ ഔദ്യോഗിക അംഗീകാരം 1855 ൽ ആയിരുന്നു. അതിനുമുമ്പ് 1841-ൽ പാലയ്ക്കൽ തോമ്മാമല്പാനും 1846-ൽ പോരുക്കര തോമ്മാമല്പാനും പലലോകപ്രാപ്തരായതിനാൽ സന്യാസപ്രസ്ഥാനത്തിന്റെ മുഴുവൻ ചുമതലയും ചാവറ കുറിയാക്കോസച്ചന്റെ ചുമലിലായി.

*അധ്യായം രണ്ട്.*

## വിദ്യാഭ്യാസപ്രവർത്തകൻ

വിദ്യാഭ്യാസനിലവാരം ഉയർന്നു നില്ക്കുന്ന സംസ്ഥാനമാണ് കേരളം. ഈ നേട്ടത്തിനുപിന്നിൽ അനേകം മഹാന്മാരുടെ ദീർഘവീക്ഷണവും കഠിനാധ്വാനവും ഉണ്ടായിട്ടുണ്ട്. ജനങ്ങൾക്ക് വിദ്യാഭ്യാസം ഉണ്ടായിരുന്നാൽ മാത്രമേ രാജ്യത്തിനു പുരോഗതി കൈവരികയുള്ളു എന്ന് ചാവറയച്ചനു നിശ്ചയം ഉണ്ടായിരുന്നു. 1844-ൽ മാന്നാനത്തു സംസ്കൃതസ്കൂൾ തുടങ്ങിയതു മുതൽ വിദ്യാഭ്യാസ പ്രവർത്തകൻ എന്ന നിലയിൽ അദ്ദേഹത്തിന്റെ പ്രയാണം ആരംഭിക്കുന്നു.

കേരളത്തിലെ സുറിയാനി കത്തോലിക്കരുടെ ഏക വികാരി ജനറാളായി ചാവറയച്ചൻ 1861-ൽ നിയമിതനായി. വിദ്യാഭ്യാസമേഖലയിലേയ്ക്കാണ് അദ്ദേഹത്തിന്റെ ദൃഷ്ടി ആദ്യം പതിഞ്ഞത്. 160-ൽ ഏറെ ഇടവകപ്പള്ളികളായിരുന്ന ചാവറയച്ചന്റെ കീഴിൽ ഉണ്ടായിരുന്നത്. അദ്ദേഹം എല്ലാ പള്ളികൾക്കുമായി പുറപ്പെടുവിച്ച സർക്കുലറിൽ ഓരോ പള്ളിയോടും അനുബന്ധിച്ച് പള്ളിക്കൂടം പണിയണമെന്ന് നിഷ്ക്കർഷിച്ചു. പള്ളിക്കൂടം ആരംഭിക്കാത്ത പള്ളികളിൽ തിരുക്കർമ്മം നടത്തുവാനുള്ള അനുവാദം റദ്ദാക്കുമെന്നുപോലും സർക്കുലറിൽ കാണിച്ചിരുന്നു. തൽഫലമായി ധാരാളം സ്കൂളുകൾ ചുരു



ങ്ങിയ കാലം കൊണ്ട് നിലവിൽ വന്നു. എഴുത്തും വായനയും പഠിക്കാൻ മാത്രം പോരുന്ന കുടിപ്പള്ളിക്കൂടങ്ങളായിരുന്നു അവയിൽ മിക്കതും. എങ്കിലും സാക്ഷരതയുടെ രംഗത്ത് പുതിയ വസന്തം വിരിക്കുവാൻ ചാവറയച്ചനു കഴിഞ്ഞു.

ചാവറയച്ചൻ നേരിട്ട് ചില മാതൃകാ വിദ്യാലയങ്ങൾ തുടങ്ങി. മാന്നാനത്തും, ആർപ്പുക്കരയിലും പുളിങ്കുന്നിലും ഇടത്വായിലും അദ്ദേഹം തുടങ്ങിയ സ്കൂളുകൾ തിരുവിതാംകൂറിൽ ചലനം സൃഷ്ടിച്ചു. മറ്റുസമുദായങ്ങൾക്കും ചാവറയച്ചന്റെ സംരംഭം പ്രചോദകമായിത്തീർന്നു.

ജാതിമതഭേദമെന്യേ, എല്ലാവർക്കും ചാവറയച്ചൻ തുടങ്ങിയ സ്കൂളുകളിൽ പ്രവേശനം ഉണ്ടായിരുന്നു. പത്തൊൻപതാം നൂറ്റാണ്ടിന്റെ ആദ്യപാദത്തിൽ കേരളത്തിലെ ജാതിവ്യത്യാസത്തെക്കുറിച്ചു കുമാരനാശാൻ ഇങ്ങനെ എഴുതി.



## നാലാമത്തെ സ്നേഹിതൻ

ഒരാളെ ഏതോ കാരണത്തിന് രാജാവ് വധിക്കാൻ വിധിച്ചു. ഭയപരവശനായ അയാൾ തനിക്കുവേണ്ടി മാധ്യസ്ഥ്യം പറയാൻ തന്റെ പഴയ സ്നേഹിതന്മാരെ തേടി. മൂന്നു പേരാണ് അയാൾക്ക് ഉറ്റ സ്നേഹിതർ. ഒന്നാമത്തെ സ്നേഹിതൻ ഒഴികഴിവു പറഞ്ഞു വലിഞ്ഞു. രണ്ടാമനും അങ്ങനെ തന്നെ. മൂന്നാമത്തെ ആൾ, രാജാവിന്റെ മുന്നിൽ മാധ്യസ്ഥ്യം പറയാൻ പറ്റില്ല എന്നു തുറന്നു പറഞ്ഞു. നിരാശയുടെ നീർകുഴിയിൽ താണ അയാളെ നാലാമതൊരു സ്നേഹിതൻ വന്ന് ആശ്വസിപ്പിച്ചു. "ഇനി രാജകോപത്താൽ മരിക്കേണ്ടി വന്നാലും ഞാൻ ഉയിർപ്പിച്ചുകൊള്ളാം" എന്നു വാക്കുകൊടുക്കയും ചെയ്തു.

ആരാണ് ഈ സ്നേഹിതന്മാർ എന്ന് ചാവറയച്ചൻ വിവരിക്കുന്നുണ്ട്. ഒന്നാമത്തെ സ്നേഹിതൻ നമുക്കു ചുറ്റുമുള്ള ലോകമാണ്. മരണത്തിൽ ലോകം നമ്മേ കൈവിടുന്നു. രണ്ടാമത്തെ സ്നേഹിതൻ നമ്മുടെ ബന്ധുജനങ്ങളാണ്. ഉറ്റവരും ഉടയവരും മൃത്യുസമയത്ത് അവർക്ക് യാതൊന്നും ചെയ്യാൻ സാധിക്കയില്ല. മൂന്നാമത്തെ സ്നേഹിതനാകട്ടെ, നമ്മുടെ ശരീരമാണ്. മരണത്തെ തടഞ്ഞു നിറുത്താൻ ശരീരത്തിന് ആവില്ല. മൂന്നു സ്നേഹിതന്മാരാലും കൈ ഒഴിയപ്പെട്ട ആമനുഷ്യൻ നിരാശയിൽ തകർന്നു വീണു.

അപ്പോഴാണ് നാലാമത്തെ സ്നേഹിതൻ കരുണയോടെ വന്ന് ആശ്ലേഷിക്കുന്നത്. ആരാണ് ആ സ്നേഹിതൻ? ചാവറയച്ചൻ തന്നെപറയുന്നു: "നാലാമത്തെ സ്നേഹിതൻ നാം ഓരോരുത്തരും ജീവിതകാലത്ത് ചെയ്ത സുകൃതങ്ങളാണ്. ലോകത്തിനും ബന്ധുമിത്രങ്ങൾക്കും സ്വന്തം ശരീരത്തിനു തന്നെയും മരണസമയത്ത് നമ്മേ സഹായിക്കാൻ കഴിയില്ല. എന്നാൽ നാം ജീവിതകാലത്തു ചെയ്ത നന്മ പ്രവൃത്തികൾക്ക് നമ്മേ മരണത്തിൽ നിന്ന് ജീവിപ്പിക്കുവാനും സ്വർഗസൗഭാഗ്യം നമുക്കു സമ്മാനിക്കുവാനും കഴിയും."

(ചാവറയച്ചൻ പറഞ്ഞ കഥ)



തൊട്ടു കൂടാത്തവർ തീണ്ടിക്കൂടാത്തവർ
ദൃഷ്ടിയിൽപ്പെട്ടാലും ദോഷമുള്ളോർ
കെട്ടില്ലാത്തോർ തമ്മിൽ, ഉണ്ണാത്തോരിങ്ങനെ
ഒട്ടല്ലഹോ ജാതിക്കോമരങ്ങൾ

അയിത്തത്തിന്റെ അസ്വസ്ഥതാജനകമായ അന്തരീക്ഷം കണ്ട് സ്വാമി വിവേകാനന്ദൻ കേരളത്തെ "ഭ്രാന്താലയം" എന്നു വിളിച്ചു. മേൽപ്പറഞ്ഞവരുടെ പരാമർശത്തിന് അരനൂറ്റാണ്ടുമുൻപാണ് ജാതി ചിന്തയെ അഗണ്യകോടിയിൽ ത്തള്ളി അവശർക്കും ആലംബഹീനർക്കും വേണ്ടി ചാവറയച്ചൻ തന്റെ സേവനരംഗം തുറന്നുവച്ചത്.

ഇരുപതാം നൂറ്റാണ്ടിന്റെ ഉത്തരപാദത്തിൽ സ്കൂളുകളിൽ ഉച്ചക്കഞ്ഞി വിതരണം തുടങ്ങിക്കൊണ്ട് സംസ്ഥാന സർക്കാരുകൾ വലിയ വിപ്ളവം തുടങ്ങിയതായി അവകാശപ്പെട്ടു. ഒന്നരനൂറ്റാണ്ടു മുൻപ് പാവപ്പെട്ട വിദ്യാർത്ഥികൾക്ക് കഞ്ഞിയും പഠനസാമഗ്രിയും വസ്ത്രവും നൽകി ചാവറയച്ചൻ വിദ്യാഭ്യാസപ്രവർത്തനം നടത്തി എന്നത് മറക്കാനാവാത്ത കാര്യമാണ്.

> ആശ്രമങ്ങളുടെ ബലം ഭിത്തികളുടെ കനമല്ല;
> അവയിൽ വസിക്കുന്നവരുടെ സ്നേഹമാണ്.
> (ചാവറസൂക്തം)

ഹിന്ദുമതത്തേയും അതിലുള്ള ആദ്ധ്യാത്മിക ചൈതന്യത്തേയും അറിഞ്ഞാദരിച്ച വ്യക്തിയാണ് ചാവറയച്ചൻ. ഹിന്ദുമത ഗ്രന്ഥങ്ങൾ വേണ്ടവിധം മനസ്സിലാക്കുന്നതിന് സംസ്കൃത ഭാഷ അഭ്യസിക്കണമെന്ന് അദ്ദേഹം ക്രൈസ്തവരെ ഉപദേശിച്ചു. മാന്നാനത്ത് സംസ്കൃത വിദ്യാലയം അരംഭിച്ചു. തൃശൂരിൽ നിന്നുള്ള ഒരു വാര്യരായിരുന്നു. അവിടെ അധ്യാപകനായിവന്നത്. കേരളത്തിലെ എല്ലാ ഇടവകപ്പള്ളികളിൽ നിന്നും പള്ളിച്ചിലവിൽ ഓരോ ആളെ മാന്നാനത്ത് അയച്ച് സംസ്കൃതം അഭ്യസിപ്പിക്കണമെന്ന് അദ്ദേഹം നിർദ്ദേശിച്ചു. സംസ്കൃ ഭാഷയും കാവ്യങ്ങളും ക്രൈസ്തവർ വായിച്ചു മനസ്സിലാക്കുകയും ഹൈന്ദവരുടെ ഉന്നതമായ ആധ്യാത്മികാനുഭൂതിയിൽ ഭാഗവാക്കുകളാകയും ചെയ്യണമെന്നു സ്വന്തം സമുദായത്തിലുള്ളവരോടു ചാവറയച്ചൻ ഉപദേശിച്ചു.



കേരളത്തിലെ കത്തോലിക്കാ സഭ വളരുകയും വിവിധ രൂപതകൾ രൂപപ്പെടുത്തുകയും ചെയ്തപ്പോൾ ചാവറയച്ചന്റെ മാതൃക പൈതൃക സമ്പത്തായി സഭ സ്വീകരിച്ചു. നഴ്സറി സ്കൂളുകൾ തുടങ്ങി കലാശാലകൾ വരെ നടത്തി സഭയുടെയും സമുദായത്തിന്റെയും വിദ്യാഭ്യാസ പ്രവർത്തനങ്ങൾ വിപുലമാക്കുകയും ചെയ്തു.

*അധ്യായം മൂന്ന്*

## മാധ്യമരംഗം

ഇന്ന് മാധ്യമരംഗം വളരെ വിശാലമാണ്. ഇന്റർനെറ്റും ഇ-മെയിലും സർവ്വസാധാരണമാണ്. എന്നാൽ ഒന്നരനൂറ്റാണ്ടു മുൻപ് സ്ഥിതി ഇതായിരുന്നില്ല. അച്ചടി എന്നതുതന്നെ അപൂർവ്വമായിരുന്നു. മലയാള ഭാഷയിൽ ആദ്യമായി ഒരു പ്രസിദ്ധീകരണം വരുന്നത് 1847 -ൽ ഡോക്ടർ ഹെർമ്മൻ ഗുണ്ടർട്ട് 'രാജ്യസമാചാരം' ആരംഭിച്ചതോടെയാണ്.

വിദ്യാഭ്യാസം എന്നതുകൊണ്ട് പ്രാഥമിക വിദ്യാഭ്യാസം, എന്നുവച്ചാൽ എഴുത്തും വായനയും സ്വായത്തമാക്കുക എന്നു മാത്രമാണ് പൊതുവേ അർത്ഥമാക്കിയത്. അക്ഷരാഭ്യാസം കരഗതമായാൽ അതു നിലനിറുത്താനും പുരോഗമിപ്പിക്കുവാനും പുസ്തകങ്ങളും പ്രസിദ്ധീകരണങ്ങളും കൂടിയേ കഴിയൂ. പ്രസിദ്ധീകരണങ്ങളുടെ പിറവിസ്ഥലം അച്ചടിശാലയാണ്. അന്ന് തിരുവിതാംകൂറിൽ രണ്ടേ രണ്ടു പ്രസ്സുകളേ ഉണ്ടായിരുന്നുള്ളൂ. ഒന്ന് കോട്ടയത്തുള്ള സി.എം.എസ്. പ്രസ്സ്. മറ്റത് തിരുവനന്തപുരം സർക്കാർ വക അച്ചുകൂടം.

കല്ലാണപന്തലിൽ
വെള്ളം വീഞ്ഞാക്കിയ
കല്ലാണരൂപനെ
കാണാകേണം.
(ആത്മാനുതാപം)

ഒരു പ്രസ് ഉണ്ടാകണമെന്നും അതിൽ അച്ചടിച്ച് പുസ്തകങ്ങളും

## അതിമോഹം ആപത്ത്

ഫ്രാൻസിൽ നടന്ന ഒരു സംഭവകഥ ചാവറയച്ചൻ തന്റെ ആധ്യാത്മിക ഗ്രന്ഥത്തിൽ എഴുതുന്നുണ്ട്. ഇടത്തരക്കാരനായ ഒരാൾക്ക് ഒരേ ഒരു മകനെ ഉണ്ടായിരുന്നുള്ളു. മകനെ വളരെ സമ്പന്നനായ ഒരു മാടമ്പിയുടെ മകളെ ക്കൊണ്ട് വിവാഹം ചെയ്യിക്കണം എന്ന് അയാൾ തീരുമാനിച്ചു. ആദ്യം മാടമ്പിക്ക് അത് ഇഷ്ടമല്ലായിരുന്നു. മകന്റെ പേരുള്ള വസ്തുക്കൾ എല്ലാം തന്റെ മകൾക്ക് എഴുതിക്കൊടുക്കണമെന്ന് മാടമ്പി ആവശ്യപ്പെട്ടു. വരന്റെ പിതാവ് അതിനു വഴങ്ങി. അങ്ങനെ, ആർഭാടമായി കല്യാണം നടന്നു.

കുറെ നാൾ കഴിഞ്ഞപ്പോൾ വരന്റെ പിതാവിനോട് മാടമ്പിയുടെ കുടുംബക്കാർക്കും മകൾക്കും രസക്കേടായി. അയാൾക്കു മാന്യതയും പരിഷ്കാരവും ഇല്ല എന്നതായിരുന്നു, അവരുടെ വിലയിരുത്തൽ. മകന്റെ താമസസ്ഥലത്തുനിന്ന് അവർ അയാളെ പുറത്താക്കി. ആ വീട്ടിൽ വിരുന്നും ആഘോഷങ്ങളും നടക്കുമ്പോൾ മുന്നിൽക്കൂടി കടന്നുവരുവാൻ പോലും അവർ അയാളെ അനുവദിച്ചില്ല. അപ്പോഴൊക്കെ പിൻവാതിലിൽക്കൂടി പ്രവേശിച്ച് അവശിഷ്ടങ്ങൾ ഭക്ഷിക്കേണ്ട ഗതികേട് അയാൾക്കു ഭവിച്ചു.



പ്രശസ്ത സാഹിത്യകാരനായ ഡോ. സുകുമാർ അഴീക്കോട് ഇങ്ങനെ പറഞ്ഞു: "പത്തൊൻപതാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഒരാൾ ഇരുപതാം നൂറ്റാണ്ടിൽ ആദരപൂർവ്വം അനുസ്മരിക്കപ്പെടുന്നുവെങ്കിൽ, ആ വ്യക്തി പത്തൊൻപതാം നൂറ്റാണ്ടിൽ ജീവിച്ചിരുന്നുകൊണ്ടുതന്നെ ഇരുപതാം നൂറ്റാണ്ടും ഇരുപത്തൊന്നാം നൂറ്റാണ്ടും സൃഷ്ടിച്ച ആളായിരിക്കും. അങ്ങനെയുള്ളവരെയാണ് യുഗസ്രഷ്ടാക്കൾ എന്നു വിളിക്കുന്നത്. വാഴ്ത്ത. ചാവറ കുറിയാക്കോസ് ഏലിയാസച്ചൻ അത്തരത്തിൽ ഒരു യുഗസ്രഷ്ടാവായിരുന്നു."




വാഴ്ത്ത. ചാവറയച്ചന്റെ ബഹുമാനാർത്ഥം ഇന്ത്യാ ഗവൺമെന്റ് പ്രസിദ്ധം ചെയ്ത തപാൽ സ്റ്റാമ്പ് ഉദ്ഘാടനം ചെയ്തുകൊണ്ട് ഇന്ത്യൻ പ്രസിഡന്റ് ഡോ. വെങ്കിട്ടരാമൻ ഇങ്ങനെ പറഞ്ഞു: "ദൈവികചിന്തയേയും മനുഷ്യസേവനത്തേയും അദ്ദേഹത്തേപ്പോലെ ഇത്ര സ്വാഭാവികമായും ക്രിയാത്മകമായും സംയോജിപ്പിച്ചിട്ടുള്ളവർ അംഗുലീപരിമിതമാണ്. ഒരു യോഗീവര്യനെങ്കിലും അദ്ദേഹം ബാഹ്യപ്രവർത്തനത്തിന്റെ നിലയ്ക്കാത്ത യന്ത്രംതന്നെ ആയിരുന്നു. തന്റെ ഉള്ളിലെ ദൈവിക ചൈതന്യത്തെ സഹജരിലേക്ക് സംക്രമിപ്പിച്ചതോടൊപ്പം ഏവർക്കും സാഭിമാനം ജീവിക്കുവാൻ വിശ്വാസനിർഭരമായ ചുറ്റുപാടു സൃഷ്ടിക്കുന്നതിനും ചാവറയച്ചൻ ശ്രമിച്ചു."



പ്രസിദ്ധീകരണങ്ങളും പുറത്തുവരണമെന്നും ചാവറയച്ചൻ ആഗ്രഹിച്ചു. കണ്ടിട്ടില്ലാത്ത ഒരു യന്ത്രം സ്ഥാപിച്ചു പ്രവർത്തിപ്പിക്കണമെന്ന് കരുതുന്നത് ഒരു ഭ്രാന്തൻ ചിന്തയാണെന്നും അതിനായി വൃഥാസമയം വ്യയം ചെയ്യരുതെന്നു കൂടെയുള്ളവർ ചാവറയച്ചനെ ഉപദേശിച്ചു. എങ്കിലും സാംസ്കാരിക പുരോഗതിയ്ക്ക് അച്ചടിയന്ത്രം ഏറെ പ്രയോജനം ചെയ്യുമെന്ന ബോധ്യമുണ്ടായിരുന്നതിനാൽ പ്രസ്സ് സ്ഥാപിക്കുന്ന കാര്യത്തിൽ നിന്ന് അദ്ദേഹം പിന്മാറിയില്ല.

കോട്ടയത്തുള്ള സി.എം.എസ്. പ്രസ് പ്രോട്ടസ്റ്റന്റു സഭയുടെ ഉടമസ്ഥതയിൽ ആയിരുന്നു. പ്രസ്സ് കാണാൻ ചെന്നെങ്കിലും അതിനുള്ള അനുവാദം കിട്ടിയില്ല. പിന്നീട് ചാവറയച്ചൻ തിരുവനന്തപുരത്ത് മഹാരാജാവിന്റെ അച്ചുകൂടം കാണാൻ ശ്രമിച്ചു. കത്തോലിക്കരായ ചില




ദീപിക ഓഫീസ് കോട്ടയം, ഇൻസെറ്റിൽ ചാവറയച്ചൻ നിർമ്മിച്ച പ്രസ്സ്.
ഈ പ്രസ്സിന്റെ സുവർണ്ണജൂബിലിയും ദീപിക പത്രത്തിന്റെ
പത്താം വാർഷികവും 1896–ൽ ഒരുമിച്ച് ആഘോഷിച്ചു.

ജോലിക്കാരുടെ സഹായത്തോടെ പ്രസ്സ് വിശദമായികണ്ടു തിരിച്ചെത്തി.

മാന്നാനത്തു വന്ന ചാവറയച്ചൻ പ്രസ്സിന്റെ മാതൃക വാഴപ്പണ്ടിയിൽ തീർത്തു. ഒരു പാണ്ടിത്തട്ടാനെക്കൊണ്ട് പ്രസ് പണിയിച്ചെടുത്തു. അക്ഷരം വാർക്കുന്ന കാര്യത്തിലും, മഷി കടലാസ് എന്നിവ സംഘടിപ്പിക്കുന്ന പ്രശ്നത്തിലും ഒട്ടേറെ ബുദ്ധിമുട്ടുകൾ ഉണ്ടായി. എങ്കിലും 1846-ൽ പ്രസ്സ് പ്രവർത്തന സജ്ജമായി. മാന്നാനത്തുള്ള ചാവറ മ്യൂസിയത്തിൽ തിരുവിതാംകൂറിലെ മൂന്നാമത്തെ പ്രസ്സ് ഇപ്പോഴും സൂക്ഷിച്ചിട്ടുണ്ട്.

ലഘുലേഖകൾ, പള്ളികൾക്കും പൊതുജനങ്ങൾക്കുമുള്ള സർക്കുലറുകൾ ചെറുതും വലുതുമായ നിരവധിപുസ്തകങ്ങൾ എന്നിവയെല്ലാം മാന്നാനം അച്ചുകൂടത്തിൽനിന്ന് പുറത്തുവന്നിട്ടുണ്ട്. കേരളത്തിലെ ആദ്യത്തെ ദിനപ്പത്രമായ നസ്രാണിദീപിക ഏതാണ്ട് രണ്ടു പതിറ്റാണ്ടുകാലം വാഴ്ത്തപ്പെട്ട. ചാവറയച്ചൻ രൂപം കൊടുത്ത പ്രസ്സിലാണ് അച്ചടിച്ചിട്ടുള്ളത്. ഇന്ന് ഒരു ഡസനിലധികം വൈവിധ്യമാർന്ന പ്രസിദ്ധീകരണങ്ങൾ ദീപിക ദിനപ്പത്രത്തിന്റെ കീഴിലുണ്ട്.

*അധ്യായം നാല്*

# അഗതിസംരക്ഷണം

ഭാരതത്തിൽ ആദ്യമായി ഒരു അനാഥശാല തുടങ്ങുന്നത് ചാവറയച്ചന്റെ മേൽനോട്ടത്തിൽ 1844-ൽ കൈനകരിയിലാണ്. ആരാലും പരിത്യജിക്കപ്പെട്ടവർക്കായുള്ള അഭയകേന്ദ്രം ആയിരുന്നു, അത്. പ്രത്യേകിച്ച് വൃദ്ധരും ആലംബഹീനരുമായ അന്തേവാസികൾക്ക് സ്നേഹത്തിന്റെ കുളിർമ്മ പകർന്ന ഒരു സദനമായിത്തീർന്നു, കൈനകരിയിലെ ആ നവീന സംരഭം.

കൈനകരിയിലെ അഗതിമന്ദിരം ചാവറയച്ചനെ സംബന്ധിച്ചിടത്തോളം യാദൃശ്ചികമായ ഒരു കാര്യം ആയിരുന്നില്ല. യൂറോപ്യൻ മിഷനറിമാരുമായി അടുത്തിടപഴകിയ ചാവറയച്ചന് അവരിൽ നിന്നും ധാരാളം അറിവ് ഈ വിഷയം സംബന്ധിച്ച് കിട്ടിയിരുന്നു. കൂടാതെ



യുറോപ്പിൽ നിന്നുള്ള പ്രസിദ്ധീകരണങ്ങൾ വായിച്ചും സാധുജനസേവാസദനങ്ങളെക്കുറിച്ച് നല്ല അറിവ് സമ്പാദിച്ചിരുന്നു. കൈനകരി ഇടവകക്കാർക്ക് എഴുതുന്ന കത്തിൽ അദ്ദേഹം ഇക്കാര്യം വ്യക്തമാക്കുന്നുണ്ട്.

യൂറോപ്പിലെ മാതൃക മനസ്സിലാക്കി അങ്ങനെയുള്ള സദനങ്ങളും സംവിധാനങ്ങളും നമ്മുടെ നാട്ടിലും ആരംഭിക്കണമെന്ന ഉൽക്കടമായ അഭിലാഷമാണ് ചാവറയച്ചന്റെ ഹൃദയത്തിൽ നിറഞ്ഞുനിന്നിരുന്നത്. മഹത്തായ ഒരു ആദർശത്തെ മുൻനിറുത്തിയാണ് തന്റെ ഈ ദൃശസംരഭമെന്ന് അതേ കത്തിൽത്തന്നെ ചാവറയച്ചൻ വ്യക്തമാക്കുന്നു.

"ഇങ്ങനെ ഈശോമിശിഹായുടെ തിരുവചനത്തിന്മേൽ, 'അതായത് ഈ ചെറിയവർക്കു നിങ്ങൾ ചെയ്തത് എനിക്കുവേണ്ടിത്തന്നെ ചെയ്തിരിക്കുന്നു' എന്നുള്ള സുവിശേഷവചനത്തിനനുസരിച്ചു വിശ്വാസത്തോടും സ്നേഹത്തോടും കൂടി ചെയ്യുമ്പോൾ കർത്താവു തന്നെ ദീനക്കാരുടെ വേഷത്തിൽ ചിലർക്കു കാണപ്പെടുകയും അവരുടെ ശുശ്രൂഷയ്ക്കായി അപേക്ഷിക്കുകയും ചെയ്യും."

ചാവറയച്ചൻ പറഞ്ഞ കാര്യം സാധൂകരിക്കുന്ന ഒരു കഥ അദ്ദേഹം തന്നെ പറഞ്ഞിട്ടുണ്ട്. ഫ്രംൻസിസ്കോസിനെ വിശുദ്ധനാക്കിയ സംഭവം ആണ് ആ കഥ.

"പഞ്ചക്ഷതധാരിയായ ഫ്രംസിസ്കോസ് (ഫ്രാൻസിസ് അസീസ്സി) ആദ്യകാലത്ത് പുണ്യവഴിയിൽ കൂടിയല്ല സഞ്ചരിച്ചത്. സുഖലോലുപനായ ഒരു യുവാവായിരുന്നു, അദ്ദേഹം. പക്ഷേ ജീവിതത്തിൽ സമ്പൂർണ്ണ പരിവർത്തനത്തിനു ഇടയാക്കിയ ഒരു സംഭവം ഉണ്ടായി.

ഫ്രംസിസ്കോസ് കുതിരപ്പുറത്തു സഞ്ചരിക്കുമ്പോൾ വഴിയിൽ വച്ച് ഒരു കുഷ്ഠരോഗി അദ്ദേഹത്തോടു സഹായം ചോദിച്ചു. ഉടനെ അദ്ദേഹം കുതിരപ്പുറത്തു നിന്നിറങ്ങി പേഴ്സ് തുറന്ന് ധർമ്മം കൊടുക്കാനൊരുങ്ങി. കുഷ്ഠരോഗി പറഞ്ഞു: "എനിക്കു പണം വേണ്ടാ."



"പിന്നെ എന്താണു വേണ്ടത്?"

"എന്റെ മുറിവുകൾ വല്ലാതെ നീറുന്നു. ദേഹം വേദനിക്കുന്നു. അല്പനേരത്തേയ്ക്ക് താങ്കൾ അവ നക്കിത്തുടയ്ക്കുമെങ്കിൽ എനിക്ക് ആശ്വാസം ലഭിച്ചേനേ."

ഇത്കേട്ട് ഫ്രംസിസ്കോസ് അല്പനേരം അന്ധാളിച്ചുനിന്നു. പിന്നീട് ധൈര്യപ്പെട്ട് അയാളുടെ മുറിവുകളെ സ്വന്തം നാവുകൊണ്ടു തുടയ്ക്കാൻ തയ്യാറായി മുന്നോട്ടാഞ്ഞു. പെട്ടെന്ന് ഒരു മിന്നൽപ്പിണർപോലെ ആരോഗി അപ്രത്യക്ഷനായി.

ഈ സംഭവം ഫ്രംസിസ്കോസിന്റെ മനസ്സിനെ ഇളക്കിമറിച്ചു. അന്നുമുതൽ ജീവിതം മുഴുവൻ ക്രിസ്തുവിന്റെ സ്നേഹം മുൻനിറുത്തി പതിതസേവനത്തിനായി അദ്ദേഹം ഉഴിഞ്ഞുവച്ചു. സ്വർഗത്തിലെ വലിയ വിശുദ്ധരിൽ ഒരാളാണ് ഇന്ന് ഫ്രംസിസ്കോസ്."

ആതുരസേവനത്തിനായി ആദ്യമായി ആലയം നിർമ്മിച്ച ചാവറയച്ചനെ നയിച്ചത് മഹത്തായ ആദർശങ്ങളായിരുന്നു. രോഗിയിൽ ദൈവത്തെ അദ്ദേഹം ദർശിച്ചു.

രോഗിക്കു നൽത്തുണ ചെയ്യുന്ന നേരത്തിൽ
നേരിതു നാഥനെന്നോർത്തു കൊൾവിൻ
വൻപനെന്നാകിലും നീചനെന്നാകിലും
ഭേദം നിനയ്ക്കേണ്ടാ നാഥൻ തന്നെ
എന്നതു മാനസേ നന്നായ് ധരിക്കിലോ
നന്ദിയധികരിച്ചൊക്കെച്ചെയ്യും
രോഗിയിൽ നിന്നിങ്ങു വീശുന്ന ദുർഗന്ധം
സ്നേഹത്താൽ സൗഗന്ധമായ് പകരും.

(മരണവീട്ടിൽ പാടുന്നതിനുള്ള പാന)

ചാവറയച്ചൻ കൈനകരിയിൽ ആരംഭിച്ച ആതുരാലയത്തിന്റെ പ്രവർത്തനം നാട്ടുകാരായ ആളുകളെയാണ് ഏല്പിച്ചത്. ഈ പങ്കാ

**നന്മ ചെയ്യാത്ത ഒരു ദിവസം പോലും**
**ജീവിതത്തിൽ ഉണ്ടാകരുത്.**
**(ചാവറസൂക്തം)**



ളിത്തം എല്ലാ സേവനതുറയിലും ഉണ്ടാകുന്നതിനും അവശരും ആർത്തരുമായവരോട് അനുകമ്പാർദ്രമായ സ്നേഹം പ്രകാശിപ്പിക്കുന്നതിനും വേണ്ടിയാണ് ഈ സംരംഭം ചാവറപ്പിതാവ് കൈനകരിയിലെ ജനങ്ങളെ ഭരമേല്പിച്ചത്.

*അദ്ധ്യായം അഞ്ച്*

## സെമിനാരി

പുരോഹിതൻ എന്നാൽ മുന്നിൽ നിന്നു നയിക്കുന്നവൻ എന്നാണർത്ഥം. ജനങ്ങളെ സന്മാർഗത്തിലൂടെ നയിക്കുന്ന പുരോഹിതന് എല്ലാക്കാര്യങ്ങളിലും നല്ല അറിവുണ്ടായിരിക്കണം. അതുകൊണ്ടാണ് വൈദികപരിശീലനത്തിന് സുദീർഘമായ കാലയളവും സജ്ജീകരണങ്ങളും ഏർപ്പെടുത്തിയിട്ടുള്ളത്.

കത്തോലിക്കരിൽ ആദ്യത്തെ ഹൈക്കോടതി ജഡ്ജി ആയി ഉയർന്ന ഷെവലിയർ ജോസഫ് തളിയത്ത് ഒരിക്കൽ ഇങ്ങനെ പറഞ്ഞു: "ലോകസാധാരണമായ വിദ്യാഭ്യാസമുള്ള ഏതൊരാളെക്കാളും ഞാൻ ഒരു കത്തോലിക്കാവൈദികനെ ആദരിക്കുന്നു. ദീർഘകാലത്തെ പഠനത്തിലൂടെ മാത്രമേ ഒരാൾക്ക് പുരോഹിതനാകാൻ കഴിയൂ. ഹൈസ്കൂൾ വിദ്യാഭ്യാസം കഴിഞ്ഞ് ഒരാൾക്ക് അഞ്ചുവർഷംകൊണ്ട് ബിരുദം നേടാം. ഏഴുവർഷംകൊണ്ട് ബിരുദാനന്തരബിരുദം നേടാം. എന്നാൽ ഒരാൾക്ക് കത്തോലിക്കാ സന്യാസ വൈദികനാകണമെങ്കിൽ അതിൽ കൂടുതൽ പരിശീലനവും പഠനവും വേണം. എസ്.എസ്.എൽ.സി ക്ക് (അഥവാ പ്ലസ്ടു) ശേഷം രണ്ടു വർഷം ഭാഷാപഠനം, നോവിഷ്യേറ്റ് പോസ്റ്റുലൻസി എന്നീ പരിശീലനത്തിനായി അടുത്ത രണ്ടു വർഷം, തുടർന്ന് തത്വശാസ്ത്രപഠനത്തിന് മൂന്നുവർഷം പിന്നീട് പ്രായോഗിക പരിശീലനത്തിനായി (റീജിയൻസി) ഒരു വർഷം അവസാനം ദൈവശാസ്ത്രപഠനത്തിന് മൂന്നുവർഷം. അങ്ങനെ ആകെ പതിനൊന്നു വർഷത്തെ വിദ്യാഭ്യാസമാണ് ഓരോ സന്യാസ വൈദികനും അവശ്യം വേണ്ടത്. അഞ്ച് അല്ലെങ്കിൽ ഏഴുവർഷം പഠനത്തിനു ചിലവഴിച്ച ഏതൊരു അഭ്യ

സ്തവിദ്യനേക്കാളും വിദ്യാസമ്പന്നനാണ് ഒരു ക്രൈസ്തവപുരോഹിതൻ."



സമുദായ നേതാവും, വിദ്യാസമ്പന്നനുമായിരുന്ന ഷെവലിയർ ജോസഫിന്റെ വാക്കുകൾ ചിന്തോദ്ദീപകമാണ്. എന്നാൽ രണ്ടുനൂറ്റാണ്ടുമുൻപ് ഇന്നത്തെ രീതിയിലുള്ള സെമിനാരി വിദ്യാഭ്യാസ സമ്പ്രദായം സിറിയൻ കത്തോലിക്കാ സമുദായത്തിൽ ഇല്ലായിരുന്നു. സുറിയാനി ഭാഷാപണ്ഡിതരായ ഇടവക വികാരിമാർ അവരുടെ ബന്ധുക്കളോ അനന്തിരവന്മാരോ ആയ യുവാക്കന്മാരെ പള്ളി ബംഗ്ലാവിൽ താമസിപ്പിച്ചു അവർക്ക് വൈദിക പരിശീലനം നൽകുകയായിരുന്നു പതിവ്. പരിശീലകരായ പണ്ഡിതന്മാരെ മല്പാന്മാർ എന്നാണ് വിളിച്ചിരുന്നത്. പരിശീലിതൻ ദേവാലയ കർമ്മങ്ങൾ നിർവഹിക്കാൻ പ്രാപ്തനാണ് എന്ന് മല്പാനും ഇടവക ജനങ്ങൾക്കും ബോധ്യപ്പെട്ടാൽ മാത്രമേ അയാൾക്ക് പുരോഹിതപട്ടം ലഭിച്ചിരുന്നുള്ളൂ.

കുത്തിയതോട്ടിൽ അബ്രാഹം കത്തനാർ തുടങ്ങിയ പള്ളിപ്പുറം സെമിനാരിയിൽ തോമസ് പാലയ്ക്കൽ മല്പാന്റെ കീഴിലാണ് ചാവറ കുറിയാക്കോസ് വൈദികപഠനം നടത്തിയത്. ഇടവകപ്പള്ളികളിൽ വികാരിമാരുടെ കൈത്തോഴരായി നിന്നു വൈദികാർത്ഥികൾ നേടുന്ന വിദ്യാഭ്യാസവും സ്വതന്ത്രമായ സെമിനാരികളിൽ നിന്നുള്ള പഠന പരിശീലനങ്ങളും തമ്മിൽ വലിയ അന്തരമുണ്ടായിരുന്നു. എല്ലാ

ത്തരം അറിവുകളും തൽകുന്ന സർവ്വകലാശാലകളായിരിക്കണം സെമിനാരി എന്ന് ചാവറയച്ചന് ഉറച്ച ബോധ്യം ഉണ്ടായിരുന്നു. 1833 -ൽ ത്തന്നെ മാന്നാനത്ത് വിപുലമായ സൗകര്യങ്ങളോടെ വൈദിക പരിശീലനകേന്ദ്രം ആരംഭിച്ചു. 1844-ൽ വരാപ്പുഴ മെത്രാൻ ചാവറ കുറിയാക്കോസച്ചനെ സുറിയാനി കത്തോലിക്കാ സഭയിലുള്ള എല്ലാ വൈദികരുടെയും സെമിനാരി വിദ്യാർത്ഥികളുടെയും പരിശോധകനും സെമിനാരികളുടെ തലവനുമായി നിയമിച്ചു.

*അധ്യായം ആറ്*

## സന്യാസിനീസഭ

മാന്നാനത്തെ സന്യാസ സമൂഹത്തിന് 1855-ൽ ഔദ്യോഗികാംഗീകാരം മാർപ്പാപ്പായിൽ നിന്നു ലഭിച്ചു. സഭാസമൂഹത്തിന്റെ നേതൃത്വം ചാവറയച്ചനായിരുന്നു ഏറ്റെടുത്തത്. മാന്നാനത്തിന്റെ ആദ്യശാഖ കൂനമ്മാവ് ആയിരുന്നു. തുടർന്ന് എൽത്തുരുത്ത്, വാഴക്കുളം, അമ്പഴക്കാട്, മുത്തോലി, പുളിങ്കുന്ന് എന്നീ സ്ഥലങ്ങളിൽ ശാഖാഭവനങ്ങൾ ചാവറയച്ചന്റെ കാലത്തുതന്നെ സ്ഥാപിതമായി.

സ്ത്രീകൾക്കുവേണ്ടി സന്യാസക്രമം ആരംഭിക്കണം എന്നത് ചാവറയച്ചന്റെ ചിരകാലാഭിലാഷം ആയിരുന്നു. ആത്മപിതാവായ ലൊയോപ്പോൾദ് മിഷനറി ഇക്കാര്യത്തിന് സർവ്വാത്മനാ സഹകരണം നൽകി. ആതുരശാലാ സ്ഥാപനത്തിനു പിന്നിൽ ചാവറയച്ചന്റെ ഉദാത്തമായ ലക്ഷ്യവും ഉന്നതമായ ചിന്തയും ഉണ്ടായിരുന്നതുപോലെ വലിയ ഒരു ദർശനം സന്യാസിനീ സഭാസ്ഥാപനത്തിനും ഉപോൽബലകമായി ഉണ്ടായിരുന്നു.

> ധനത്തിന്റെ പേരിൽ സൗഹൃദം ഹനിക്കരുത്.
> (ചാവറസൂക്തം)

ധനിക കുടുംബങ്ങളിലുള്ള സ്ത്രീകൾക്കു പോലും വിദ്യാഭ്യാസരംഗത്തേയ്ക്ക് കടന്നുവരാൻ അനുവാദമില്ലായിരുന്നു. പ്രസവിക്കയും ഭർത്താവിനെ അനുസരിക്കയും മക്കളെ വളർത്തുകയും



ചെയ്യുന്നതിൽ മാത്രം ചുരുങ്ങിയിരുന്നു, സ്ത്രീകളുടെ ജോലി. സ്ത്രീകളുടെ പുരോഗതിയ്ക്ക് സ്ത്രീകൾത്തന്നെ മുന്നോട്ടുവരണം. വിദ്യാസമ്പന്നരും ഉല്പതിഷ്ണുക്കളുമായ മഹിളകൾക്ക് ഐശ്വര്യ സുരഭിലമായ രാഷ്ട്രനിർമ്മിതിയിൽ അനല്പമായ സംഭാവന ചെയ്യാൻ കഴിയും എന്ന് ചാവറയച്ചൻ വിശ്വസിച്ചു.

കർമ്മലീത്താ സന്യാസിനീസമൂഹം തുടക്കം കുറിച്ചത് നാല് അംഗങ്ങളോടുകൂടി കൂനമ്മാവിലാണ്. ഒന്നര നൂറ്റാണ്ടിനുശേഷം, ആ സംരംഭം വളർന്നു സമർപ്പിത ചേതസ്സുകളായ ആറായിരം അംഗങ്ങളുള്ള സഭയായിത്തീർന്നു. ഇന്ന് പഞ്ച ഭൂഖണ്ഡങ്ങളിലും കർമ്മലീത്താ സന്യാസിനീ സമൂഹം പ്രാർത്ഥനയിലൂടെയും പ്രവർത്തനത്തിലൂടെയും ക്രിസ്തുവിന്റെ സ്നേഹാർദ്രസേവനം സഹജാതർക്കു പങ്കു വയ്ക്കുന്നു.

വനിതാവിമോചനത്തിന്റെ തരംഗങ്ങൾ പാശ്ചാത്യനാടുകളിൽപ്പോലും അലയടിച്ചത് പത്തൊൻപതാം നൂറ്റാണ്ടിലാണ്. പതിനെട്ടാം ശതകത്തിന്റെ ഉത്തരാർദ്ധത്തിൽ ചാവറയച്ചൻ വിടർത്തിയത് പരിപക്വമായ സ്ത്രീവിമോചനത്തിന്റെ സൗരമയൂഖങ്ങളായിരുന്നു. കന്യാസ്ത്രീമഠങ്ങളോടനുബന്ധിച്ചു നടത്തിയ എദുക്കാന്താത്തുകൾ (ബോർഡിംഗുകൾ) വനിതാ വിദ്യാഭ്യാസത്തിന്റെ ഈറ്റില്ലങ്ങളായിത്തീർന്നു. പഠനം മാത്രം പോരാ. കൈത്തൊഴിലുകൾക്കൊണ്ട്



കൂനമ്മാവിൽ ചാവറയച്ചൻ പണിയിച്ച മഠം. ഇൻസെറ്റിൽ ആദ്യത്തെ പനമ്പുമഠം.

സ്ത്രീകൾ സ്വയം പര്യാപ്തരാകണം. തയ്യൽ, അലങ്കാരവസ്തുക്കളുടെ നിർമ്മാണം തുടങ്ങിയ കാര്യങ്ങൾ അവരെ പഠിപ്പിക്കുവാൻ പ്രാവീണ്യമുള്ള അധ്യാപകരെ ചാവറയച്ചൻ തന്നെ നിയമിച്ചിരുന്നു. സ്ത്രീകളുടെ വിദ്യാഭ്യാസത്തിനും സമഗ്രവികസനത്തിനും വഴിയൊരുക്കിയ മഹാന്മാരിൽ പ്രഥമഗണനീയനാണ് വാഴ്ത്തപ്പെട്ട ചാവറയച്ചൻ.

*അധ്യായം ഏഴ്*

## ചാവറയച്ചൻ കവിയും സാഹിത്യകാരനും

മലയാള സാഹിത്യരംഗത്തു നിസ്തുലസംഭാവനകൾ നൽകിയ അപൂർവ്വ തേജസ്സായിരുന്നു ചാവറയച്ചൻ എന്നത് പലർക്കും അറിയില്ല. ആത്മാനുതാപം എന്ന മഹാകാവ്യകല്പമായ കൃതിയും അനസ്താസിയായുടെ രക്തസാക്ഷ്യം, മരണവീട്ടിൽ പാടുവാനുള്ള പാന എന്നീ ഖണ്ഡകാവ്യങ്ങളും തനി ദ്രാവിഡശീലുകളിൽ അദ്ദേഹം എഴുതിയുട്ടുണ്ട്.

മലയാള ഭാഷ അന്നുവരെ ദർശിച്ചിട്ടില്ലാത്ത അപൂർവ്വ സങ്കേതം ഉപയോഗിച്ചാണ് ചാവറയച്ചൻ ആത്മാനുതാപം രചിച്ചത്. കഥാരൂപേണ പ്രമേയം അവതരിപ്പിക്കയും, എഴുത്തുകാരൻ പ്രമേയത്തിൽ നിന്നു വേറിട്ടു നില്ക്കുകയുമായിരുന്നു കാവ്യരചയിതാക്കളുടെ പതിവ്. എന്നാൽ ചാവറയച്ചൻ മലയാളത്തിൽ ഒരു നൂതനസരണി ആരംഭിച്ചു. യേശുവിന്റെയും പരി

> ലുബ്ധന്റെ വക പുഴുതിന്നും;
> ധാരാളിയുടെ വക
> പുകപോലെ മറയും.
> (ചാവറസൂക്തം)





## ക്ഷമയുടെ ശക്തി

ഒരിക്കൽ കോൺസ്റ്റന്റയിൻ ചക്രവർത്തി രാജകീയ എഴുന്നെള്ളത്തു നടത്തുകയായിരുന്നു. അകമ്പടിക്കാർ ധാരാളമുണ്ട്.

പൊടുന്നനെ രാജാവിന്റെ മുമ്പിൽ ഒരു കശ്മലൻ പാഞ്ഞെത്തി. സേവകർക്ക് തടയാൻ കഴിയുന്നതിനുമുമ്പേ, ചക്രവർത്തിയുടെ ചെകിട്ടത്ത് ആ മനുഷ്യൻ അടിച്ചു. അംഗരക്ഷകർ അയാളെ പിടിച്ചുകെട്ടി രാജാവിന്റെ മുമ്പിൽ നിറുത്തി. ആ ദുഷ്ടനോടു എങ്ങനെയാണ് പകരം വീട്ടേണ്ടതെന്ന് സേവകർ ചോദിച്ചു. ചക്രവർത്തി പറഞ്ഞു: "അയാളെ വെറുതേ വിടുക. ഇയാളെ ശിക്ഷിക്കുന്നതിനോ വധിക്കുന്നതിനോ എന്റെ സേവകരിൽ ഏറ്റവും താഴെയുള്ള ആർക്കും കഴിയും. ക്ഷമിക്കുവാൻ എനിക്കു മാത്രമേ കഴിയൂ. ഞാൻ ക്ഷമിക്കുന്നു" യേശുവിന്റെ അനന്തമായ ക്ഷമയുടെ പാഠം കോൺസ്റ്റന്റയിൻ സ്വജീവിതത്തിൽ പകർത്തി. സ്വർഗത്തിലെ വിശുദ്ധന്മാരിൽ ഒരാളാണ് കോൺസ്റ്റന്റയിൻ.

(ചാവറയച്ചൻ പറഞ്ഞ കഥ)

ശുദ്ധ കന്യകയുടെയും ജീവിതകഥ ആഖ്യാനം ചെയ്യുന്ന കൃതിയിൽ കവിയായ ചാവറയച്ചനും കടന്നുവരുന്നു. ഓരോ അധ്യായത്തിലും അവരുടെ വാങ്മയചിത്രങ്ങൾ അവതരിപ്പിക്കുന്നതോടൊപ്പം തന്റെ ആത്മാവിന്റെ അടിത്തട്ടിലെ അനുതാപാർദ്രമായ പ്രതിസ്പന്ദനങ്ങളും അകമ്പടി ചേർക്കുന്നു. ആപാദചൂഢം മനോഹരമാണ് ആത്മാനുതാപം. ആ ബൃഹദ്കാവ്യത്തിന്റെ തുടക്കം (ഭക്ത കവി പൂന്താനത്തിന്റെ ജ്ഞാനപ്പാനയുടെ ഈണത്തിൽ) ഇങ്ങനെ ആണ്.

ആദിനായകനായ സർവ്വേശ്വരൻ  
ആദത്തിൽ സുതനായ്ച്ചമച്ചെന്നെയും  
ആയതിന്നെന്തു കാരണം ദൈവമേ  
ആദ്യഹീനനാം നിന്റെ ദയതന്നെ.

ഒന്നര നൂറ്റാണ്ടു മുൻപുള്ള ഒരു കൃതിയിലും കാണാത്തവണ്ണം ലളിതവും മനോഹരവും ആയ ശൈലിയാണ് ചാവറയച്ചന്റേത്.

കാരുണ്യനാഥനാം ദൈവകുമാരന്റെ
ആരുണ്യശോഭ ഞാൻ കാണാകേണം.
ഇച്ഛയോടമ്മയെ കെട്ടിപ്പിടിച്ചോരു
കൊച്ചുകരങ്ങളെ കാണാകേണം
കല്യാണപ്പന്തലിൽ വെള്ളം വീഞ്ഞാക്കിയ
കല്യാണരൂപനെ കാണാകേണം.

അനസ്താസ്യായുടെ രക്തസാക്ഷ്യം ആധുനിക മലയാള ഖണ്ഡ കാവ്യങ്ങളുടെ അരുണോദയമായി ഭാഷാ ചരിത്രകാരന്മാർ പറയുന്ന



ഏ. ആർ. രാജരാജവർമ്മയുടെ മലയ വിലാസം എന്ന കൃതിക്ക് (1895) മുപ്പത്തിമൂന്നു വർഷം മുമ്പു വിരചിതമാണ്. ചാവറ കൃതിയോട് തട്ടിച്ചു നോക്കിയാൽ മലയവിലാസം അടുത്തെങ്ങും വരില്ല. ശില്പവും അവതരണവും ഭാഷയും സാഹിത്യമേന്മയും പരിഗണിച്ചാൽ കവിത്രയത്തിന്റെ ഏതു കൃതിയോടും ചേർത്തുനിറുത്തുവാൻ പോരുന്നതാണ് മേല്പറഞ്ഞ ചാവറ കൃതി. മതവൈരിയായ വലേരിയൻ ചക്രവർത്തിയുടെ പീഡനമേറ്റ് രക്തസാക്ഷിണിയായ അനസ്താസിയാ എന്ന തരുണീമണിയുടെ കഥയാണ് ഇതിവൃത്തമായി ചാവറയച്ചൻ സ്വീകരിച്ചിട്ടുള്ളത്.

## ജോലിയുടെ മഹത്വം

അദ്ധ്വാനശീലനായ ഒരാളുടെ കഥ ഇങ്ങനെയാണ്. കഠിന പ്രയത്നം കൊണ്ട് അയാൾ ധാരാളം സ്വത്തു സമ്പാദിച്ചു. അയൽപക്കത്തുള്ള മടിയന്മാർക്ക് അയാളോട് അസൂയ തോന്നി. അയാൾ അധാർമ്മികമായി സ്വത്തു സമ്പാദിക്കുന്നുവെന്ന് അവർ നാടുവാഴിയുടെ പക്കൽ പരാതി കൊടുത്തു. നാടുവാഴി അയാളെ വിളിപ്പിച്ചു. അയാളുടെ ദ്രവ്യം മുഴുവന്റെയും കണക്കു ബോധിപ്പിക്കാൻ നാടുവഴി കല്പന കൊടുത്തു.



അയാൾ തന്റെ കൈപ്പത്തിമലർത്തി കാണിച്ചുകൊടുത്തു. നിറയെ തഴമ്പുണ്ടായിരുന്നു. 'ഇതാണ് എന്റെ സമ്പത്തിന്റെ അടയാളം. എന്റെ പറമ്പാകുന്നു നിക്ഷേപം. അവിടെ വെട്ടിയും കിളച്ചും അധ്വാനിക്കുന്നതുകൊണ്ട് ആ മണ്ണ് പൊന്നാകുന്നു. എന്റെ സമ്പത്തിന്റെ രഹസ്യവും ഇതൊക്കെത്തന്നെയാണ്.' നാടുവാഴി ആമനുഷ്യനെ അഭിനന്ദിക്കുകയും അസൂയക്കാരെ ശിക്ഷിക്കുകയും ചെയ്തു.

(ചാവറയച്ചൻ പറഞ്ഞ കഥ)

വാർത്തയൊക്കെ കേട്ടുടനെ
പാർത്തുനിന്ന പുണ്യസോപ്യാ
ചേർത്തു തന്റെ മാർവിടത്തിൽ സ്നേഹപുത്രിയെ
സ്നേഹമേറും മകളേ നിൻ
ഭാഗ്യമേറും മണവാളൻ
ദാഹമോടെ വിളിക്കുന്നു വേഗമായ്പ്പോക

എന്നു പറഞ്ഞ് അനസ്താസിയായെ അയയ്ക്കുന്ന സോഫിയായുടെ ചിത്രം അനുവാചക മനസ്സിൽ മായാതെ നില്ക്കും.



പുനർവായനയ്ക്ക് വിധേയനാകേണ്ട വ്യക്തിയാണ് ഈ കവി. കാലത്തിനു മുമ്പേ ജനിച്ചവനാകയാൽ കവി എന്ന നിലയിൽ അദ്ദേഹം ശ്രദ്ധിക്കപ്പെടാതെ പോയി. എന്നു മാത്രമല്ലാ ക്രൈസ്തവർക്കു പൊതുവേ കവിതയോടുള്ള ആഭിമുഖ്യക്കുറവുമൂലം ചാവറ കൃതികളെക്കുറിച്ചുള്ള വിലയിരുത്തലിനും പഠനത്തിനും അവസരം ഉണ്ടാ കാതെ പോയി എന്നത് ഖേദകര സത്യമത്രേ.

അധ്യായം എട്ട്

# ബഹുമുഖ പ്രതിഭ

മലയാളക്കര കണ്ട പ്രസംഗകരിൽ മുൻനിരയിൽ നില്ക്കുന്ന വ്യക്തിയാണ് ചാവറയച്ചൻ. പ്രസംഗപീഠത്തിൽക്കയറിയാൽ 'സിംഹത്തേപ്പോലെയാണ് ചാവറയച്ചൻ' എന്ന് ഗുരുവായ പാലയ്ക്കലച്ചൻ ഒരിക്കൽ പ്രസ്താവിച്ചിട്ടുണ്ട്. ചാവറയച്ചന്റെ ദേഹവിയോഗത്തിൽ പ്രസംഗം പറഞ്ഞ കാപ്പിൽ മത്തായി അച്ചൻ "ഇന്ന് മലയാളത്തിന്റെ പതാക വീണിരിക്കുന്നു" എന്നു പറഞ്ഞുകൊണ്ടാണ് പ്രഭാഷണം ആരംഭിച്ചത്

കൊച്ചുകൊച്ചു കഥകളുടെ ഉതിർമണിനിരത്തിയാണ് ചാവറയച്ചൻ തന്റെ പ്രസംഗം അനുഭവവേദ്യമാക്കിയത്. അദ്ദേഹത്തിന്റെ വിജ്ഞാനസാഗരത്തിൽ നിന്നു പൊന്തിവന്ന മാണിക്യക്കല്ലുകളും ശോഭയാർന്ന രത്നങ്ങളും ഒളിമങ്ങാതെ എന്നും നിലകൊള്ളും.

വിവാഹത്തിനു മുമ്പ്
മക്കളുടെ പൂർണ്ണസമ്മതം
മാതാപിതാക്കൾ
അറിയണം.
*(മരണപത്രം)*

പരിതോവസ്ഥകളോ ചേർന്നു പോകുന്ന മനസ്സായിരുന്നു ചാവറയച്ചന്റേത്. പ്രകൃതിയെ ഹൃദയംഗ



ചാവറയച്ചന്റെ മരണസമയത്ത് ആത്മപിതാവായ ലെയോപോൾദ് മിഷണറി ഇങ്ങനെ പ്രാർത്ഥിച്ചു: "ഭാഗ്യപ്പെട്ട ആത്മാവേ എനിക്കുവേണ്ടി അപേക്ഷിക്കണമേ" (കൂനമ്മാവ് മ്യൂസിയത്തിൽ നിന്നുള്ള ദൃശ്യം)



ഭൂമിയുമതിൻമീതെ കാണുന്ന
സമസ്തവും-
ഭേദം കൂടാതെ മാറി
നീങ്ങുന്നു ക്ഷണേ ക്ഷണേ.

*(ആത്മാനുതാപം)*





മമായി അദ്ദേഹം സ്നേഹിച്ചു. അദ്ദേഹം പ്രത്യേകിച്ചു നട്ടു വളർത്തിയ മാവിന് പ്രിയോർമാവ് എന്ന് പേരുണ്ട്. അതിന്റെ വംശ പരമ്പര ഇന്നു കേരളത്തിൽ അങ്ങോളമിങ്ങോളം കാണപ്പെടുന്നു. പരിസ്ഥിതി സ്നേഹിയായ ചാവറയച്ചൻ താമസിച്ച ആശ്രമങ്ങളിലെല്ലാം നല്ല പൂന്തോട്ടങ്ങൾ പരിപാലിച്ചിരുന്നു.

അറുപത്തി അഞ്ചുവർഷം പിന്നിട്ട ചാവറയച്ചന്റെ സുകൃത ജീവിതത്തിനു തിരശ്ശീല വീണത് 1871 ജനുവരി 3-ാം തീയതി ആയിരുന്നു.


ജീവിച്ചിരിക്കേ വിശുദ്ധനായി അറിയപ്പെട്ട വാഴ്ത്തപ്പെട്ട ചാവറയച്ചൻ മരിച്ചിട്ടും ജനഹൃദങ്ങളിൽ ജീവിക്കുന്നു. ചാവറപ്പിതാവിന്റെ സന്തതസഹചാരിയും ആത്മപിതാവുമായ ലൊയോപ്പോൾഡ് മിഷനറി അദ്ദേഹത്തിന്റെ ലഘുജീവചരിത്രം തയ്യാറാക്കി പ്രസിദ്ധപ്പെടുത്തി.






ഏതാണ്ട് അരനൂറ്റാണ്ടിനുശേഷമാണ് ചാവറയച്ചന്റെ നാമകരണ നടപടി ഔദ്യോഗികമായി കത്തോലിക്കാ സഭ അംഗീകരിച്ചു പ്രവർത്തനം ആരംഭിച്ചത്. ദീർഘമായ പഠനത്തിനും പരിശോധനകൾക്കുംശേഷം 1986 ഫെബ്രുവരി 8 ന് ചാവറയച്ചനെ വാഴ്ത്തപ്പെട്ടവനായി കത്തോലിക്കാ തിരുസ്സഭയുടെ തലവനായ ജോൺപോൾ രണ്ടാമൻ മാർപ്പാപ്പാ പ്രഖ്യാപിച്ചു. കോട്ടയത്തെ നാഗമ്പടം മൈതാനിയിൽ ഒരുക്കിയ പ്രത്യേകവേദിയിൽ വച്ച് കർമ്മലീത്താ സഭകളുടെ സ്ഥാപകനായ ചാവറ കുറിയാക്കോസ് അച്ചനേയും ക്ലാരസഭാംഗമായ അൽഫോൻസായേയും വാഴ്ത്തപ്പെട്ടവരായി നാമകരണം ചെയ്തു. ഇവർ രണ്ടുപേരുമാണ് കത്തോലിക്കാ സഭയിലെ സ്വദേശിയാരായ ആദ്യത്തെ വാഴ്ത്തപ്പെട്ടവർ.

മുൻ കേരളാ ഗവർണ്ണർ ശ്രീരാമചന്ദ്രൻ പറയുന്നത് ഇങ്ങനെയാണ്. "വാഴ്ത്തപ്പെട്ട ചാവറയച്ചൻ കേരളത്തിന്റെ മാത്രമല്ല മാനവരാശി മുഴുവന്റെയും അഭിമാനഭാജനമാണ്. ഒരു വ്യക്തിയിൽത്തന്നെ ഇത്രമാത്രം വിശിഷ്ടഗുണങ്ങൾ വിളങ്ങി വിരാജിക്കുക എന്നത് അത്ഭുതകരമായിരിക്കുന്നു. ചാവറയച്ചൻ മർത്യനായി ജനിച്ചു. എങ്കിലും ആറരദശവത്സരക്കാലം അദ്ദേഹം അനുഷ്ഠിച്ച സുകൃതങ്ങൾ അദ്ദേഹത്തെ അമർത്യനാക്കിയിരിക്കുന്നു. ദൈവത്തെ അനുഭവിച്ചറിഞ്ഞ ഈ വിശിഷ്ടാത്മാവ് ഇക്കാലത്തും വരും കാലത്തും ലോകാവസാനം വരെയും മനുഷ്യകുലത്തിന്റെ അമൂല്യ സമ്പത്തായി വിരാജിക്കും."



# ഫാ. സെഡ്.എം. മൂഴൂർ



1946 സെപ്റ്റംബർ 9 ന് കോട്ടയം ജില്ലയിലെ മൂഴൂർ ഗ്രാമത്തിൽ ജനിച്ചു. വീട്ടുപേര്: മൂങ്ങാമാക്കൽ. പേര്: സക്കറിയാ. 1976-ൽ സി.എം.ഐ. വൈദികനായി. മാന്നാനം ബൈബിൾ വിവർത്തകസമിതിയുടെ കോ- ഓർഡിനേറ്റർ, ദീപിക സൺഡേപ്പതിപ്പ്, ആഴ്ചപതിപ്പ് എന്നിവയുടെ പത്രാധിപർ, മൂലമറ്റം സെയിന്റ് ജോസഫ്സ് കോളേജ് അധ്യാപകൻ, ന്യൂയോർക്ക് യൂണിവേഴ്സിറ്റി ഹോസ്പിറ്റൽ ചാപ്ളിൻ, തുടങ്ങിയ നിലകളിൽ സേവനം. കഥ, കവിത, നോവൽ, ജീവചരിത്രം, ബാലസാഹിത്യം തുടങ്ങിയ സാഹിത്യശാഖകളിൽ സപര്യ നടത്തുന്നു. ഗ്രീക്കുപുരാണകഥാസാഗരം, ബൈബിൾ വിജ്ഞാനകോശം, സൺഡേപതിപ്പിലെ ചിന്താവിഷയങ്ങൾ, അരൂപിയുടെ മേലൊപ്പുള്ള മനുഷ്യൻ തുടങ്ങി 75-ഓളം കൃതികൾ ഇംഗ്ലീഷിലും മലയാളത്തിലുമായി രചിച്ചിട്ടുണ്ട്. വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ സമ്പൂർണ്ണകൃതി നാലു ഭാഗങ്ങളായി എഡിറ്റുചെയ്കയും അദ്ദേഹത്തെക്കുറിച്ച് നിരവധി ഗ്രന്ഥങ്ങൾ രചിക്കയും ചെയ്തു. പുസ്തകങ്ങളുടെ റോയൽറ്റികൊണ്ട് രൂപം കൊടുത്ത രണ്ടേകാൽ ലക്ഷത്തോളം രൂപയുടെ ചാവറ വിദ്യാനിധിവഴി സാധു വിദ്യാർത്ഥികളെ സഹായിക്കുന്നുണ്ട്. മൂഴൂരച്ചൻ മുൻകൈ എടുത്ത് രൂപം കൊടുത്ത ഇന്റർയൂണിവേഴ്സിറ്റി ചാവറ പ്രസംഗമത്സരം ഇപ്പോൾ കൊച്ചി ചാവറ കൾച്ചറൽ സെന്ററാണ് ഏറ്റെടുത്ത് നടത്തുന്നത്. 1996-ൽ ആരംഭിച്ച ആരാമം (അക്കദേമിക് - റിലീജസ്- ഈസ്തെറ്റിക് മീഡിയാ ആനിമേഷൻ മെന്റോറിയം) കൾച്ചറൽ സെന്റർ, ഫിലിം എഡിറ്റിംഗ് സ്റ്റുഡിയോ (പാലാ) ഡയറക്ടറായും, ലിറ്റിൽ ഫ്ളവർ കോളേജ് (തൊടുപുഴ) പ്രിൻസിപ്പലായും പ്രവർത്തിക്കുന്നു.

വിലാസം:

**ഫാ. സെഡ്. എം. മൂഴൂർ (ഡയറക്ടർ)**
**ആരാമം കൾച്ചറൽ സെന്റർ, പാലാ - 686 575**
**ഫോൺ: 04822 201840, 212493**


# ആരാമം കൾച്ചറൽ സെന്റർ & എഡിറ്റിംഗ് സ്റ്റുഡിയോ

പുതുമന ടവേഴ്സ് പാലാ. – 686 575

ഫോൺ 04822 201840

- മൾട്ടിമീഡിയാ കോഴ്സ് (പ്രീമിയർ, ഫോട്ടോഷോപ്പ്, അഡ്-മേക്കിംഗ്, കൂൾ ത്രീഡി, തുടങ്ങിയവയ്ക്ക് പരിശീലന കോഴ്സുകൾ നടത്തുന്നു.
- സന്യാസസഭകളുടെ ചരിത്രം, പ്രവർത്തനങ്ങൾ, ദൈവവിളി എന്നിവ ഡിജിറ്റൽ ഫിലിമാക്കി കാസറ്റുകളും സിഡികളും നിർമ്മിക്കുന്നു.
- സ്കൂളുകൾക്ക് ആവശ്യമായ ഐഡന്റി കാർഡുകൾ നിർമ്മിച്ചു കൊടുക്കുന്നു.
- ജീവൻ ടിവിയ്ക്കു വേണ്ടി വാർത്തകൾ, ചരമഅറിയിപ്പുകൾ, സ്പെഷ്യൽ പ്രോഗ്രാമുകൾ എന്നിവ എത്തിച്ചുകൊടുക്കുന്നു.
- ജീവൻ- ആരാമം ക്ലബിലുള്ളവർക്ക് ജീവൻ ടി. വി. യിൽ പ്രോഗ്രാം നടത്താൻ അവസരം നൽകുന്നു.
- സിനിമാറ്റിക്- വെസ്റ്റേൺ ഡാൻസുകൾ, സംഗീതം, ഡ്രോയിംഗ് എന്നിവയ്ക്ക് റഗുലർ ക്ലാസ്സുകളും ഈവനിംഗ് ക്ലാസുകളും നടത്തുന്നു.





ടെലിഫിലിമിലെ ചില ദൃശ്യങ്ങൾ

**കാലത്തിനു മുൻപേ നടന്നുനീങ്ങിയ കർമ്മയോഗി.**

**മൺമറഞ്ഞിട്ടും മൺചിരാതിലെ വെളിച്ചം പോലെ**

**കാലഘട്ടങ്ങളെ പ്രകാശമാനമാക്കുന്ന**

**വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ കഥ.**

ആരാമം പബ്ലിക്കേഷൻസ്, പാലാ. - 686 575
PH. 04822-201840, 212493.(RES)